## പതിമൂന്നാം കേരള നിയമസഭ
## ഏഴാം സമ്മേളനം.

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3431 — 18.2.2013 - ൽ മറുപടിയ്ക്ക്

### പച്ചത്തേങ്ങാ സംഭരിക്കുന്നതിന് കൃഷി ഓഫീസറുടെ സർട്ടിഫിക്കറ്റ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കോവൂർ കുഞ്ഞുമോൻ | ശ്രീ. കെ.പി. മോഹനൻ<br>(ബഹു. കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി) |
| (എ) നിലവിലുള്ള പച്ചത്തേങ്ങാ സംഭരണം കൊണ്ട് കർഷകർക്ക് ലഭിക്കുന്ന നേട്ടങ്ങൾ എന്തെല്ലാം; | (എ) നാളീകേര വിലയിടിവ് മൂലം സാമ്പത്തിക പ്രതിസന്ധിയിലായിരിക്കുന്ന കേര കർഷകരെ രക്ഷിക്കുന്നതിന് നിലവിലുള്ള പച്ചത്തേങ്ങ സംഭരണ പദ്ധതി സഹായിക്കുന്നതാണ്. നാളീകേരം വിളവെടുക്കുന്നതോടൊപ്പം തന്നെ സംഭരിക്കുകയും, സംഭരിക്കുന്ന നാളീകേരത്തിന്റെ വില അന്നു തന്നെ അക്കൗണ്ട് പേയി ചെക്കായി കർഷകന് ലഭിക്കുകയും ചെയ്യുന്നു. ഇങ്ങനെ കർഷകരിൽ നിന്നും നാളീകേരം നേരിട്ട് സംഭരണം നടത്തുന്നതിലൂടെ ഇടനില -ക്കാരുടെ ചൂഷണത്തിൽ നിന്നും കർഷകരെ രക്ഷിക്കുകയും ഉൽപ്പന്നത്തിന് ന്യായവില ഉറപ്പു വരുത്തുകയും ചെയ്യുന്നു. കർഷകർക്ക് ആശ്വാസവും തുടർ പ്രവർത്തനങ്ങൾക്ക് പ്രോത്സാഹനവുമേകുന്ന ഈ പദ്ധതി കേര കൃഷി മേഖലയിൽ പുതിയ ചലനങ്ങൾക്ക് തുടക്കം കുറിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | രജിസ്റ്റർ ചെയ്ത കർഷകർക്ക് നിലവിൽ പച്ചത്തേങ്ങാ സംഭരിക്കുന്നതിന് കൃഷിയാഫീസറുടെ സർട്ടിഫിക്കറ്റ് വേണം എന്നു പറയുന്നത് കർഷകനെ വീണ്ടും ബുദ്ധിമുട്ടിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (ബി) | തെരെഞ്ഞെടുത്ത കൃഷിഭവനുകളിലൂടെ പച്ചത്തേങ്ങ സംഭരിക്കേണ്ട കർഷകർ കൃഷി ഭവനിൽ പേര് രജിസ്റ്റർ ചെയ്യുമ്പോൾ ഓരോ കർഷകന്റെയും കൃഷി വിവരങ്ങളടങ്ങിയ കാർഡ് കൃഷി ഓഫീസർ സാക്ഷ്യപ്പെടുത്തേണ്ടതുണ്ട്. ടി നടപടികൾ കർഷകർക്കു ബുദ്ധിമുട്ടുണ്ടാക്കാത്ത വിധത്തിൽ അതാതു കൃഷി ഭവനിൽ നടപ്പിലാക്കി വരുന്നു. പദ്ധതിയിലുണ്ടാകാവുന്ന ക്രമക്കേടുകൾ ഒഴിവാക്കുന്നതിനും പദ്ധതിയുടെ ഗുണം യഥാർത്ഥ കർഷകന് തന്നെ ലഭിക്കുന്നതിനും മേൽ പറഞ്ഞിട്ടുള്ള സംവിധാനത്തിലൂടെ സാധ്യമാകുന്നു. നാളീകേര വികസന ബോർഡിന്റെ കീഴിലുള്ള കോക്കനട്ട് പ്രൊഡ്യൂസേഴ്സ് സൊസൈറ്റികൾക്ക് സംഭരണത്തിന് കൃഷി ഓഫീസറുടെ സർട്ടിഫിക്കറ്റ് ഹാജരാക്കുന്നതിൽ നിന്നും ഒഴിവാക്കിയിരുന്നുവെങ്കിലും നാഫെഡ് ചില ക്രമക്കേടുകൾ ചൂണ്ടിക്കാണിച്ചതിന്റെ അടിസ്ഥാനത്തിൽ സ.ഉ.(എം.എസ്) നമ്പർ 04/13/AD തീയതി 3/1/2013 പ്രകാരം നാളീകേര വികസന ബോർഡിന്റെ കീഴിലുള്ള കോക്കനട്ട് പ്രൊഡ്യൂസേഴ്സ് സൊസൈറ്റികൾക്ക് കൃഷി ഓഫീസറുടെ സർട്ടിഫിക്കറ്റ് നിർബന്ധമാക്കിയിട്ടുണ്ട്. |
| (സി) | പരിമിതമായ കൃഷിഭവനോ, സഹകരണ സംഘങ്ങൾ വഴിയോ അല്ലാതെ എല്ലാ കൃഷിഭവൻ വഴിയും സഹകരണ സംഘങ്ങൾ വഴിയും പച്ചത്തേങ്ങാ സംഭരിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) | സർക്കാർ ഉത്തരവ് (എം.എസ്) നമ്പർ 279/12/കൃഷി തീയതി 10/12/2012 പ്രകാരമുള്ള പച്ചത്തേങ്ങ സംഭരണ പദ്ധതിയുടെ പ്രാരംഭ പ്രവർത്തനമെന്ന നിലയിൽ കണ്ണൂർ, കോഴിക്കോട്, കാസർഗോഡ്, മലപ്പുറം, പാലക്കാട്, തൃശൂർ, ആലപ്പുഴ, കൊല്ലം എന്നീ എട്ട് ജില്ലകളിലെ തെരെഞ്ഞെടുത്ത കൃഷി ഭവനുകൾ വഴിയാണ് പച്ചത്തേങ്ങ സംഭരിക്കുന്നത്. |

സെക്ഷൻ ഓഫീസർ